## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജന

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5287 | 23-05-2017-ൽ മറുപടിക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ഇ.പി.ജയരാജൻ**<br>**ശ്രീ. കെ.വി.വിജയദാസ്**<br>**ശ്രീ. സി.കെ. ഹരീന്ദ്രൻ**<br>**ശ്രീ. മുരളി പെരുനെല്ലി** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവൃത്തികൾക്കായി വേണ്ടിവരുന്ന തുക യെത്രയെന്നും അതിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയെന്നും വ്യക്തമാക്കാമോ; | (എ) | പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജന പ്രകാരം 581.61 കോടി രൂപയുടെ പദ്ധതിയാണ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ളത്. കേന്ദ്ര-സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിലാണ്. (279.7992 കോടി രൂപ കേന്ദ്ര വിഹിതവും 186.5328 കോടി രൂപ സംസ്ഥാന വിഹിതവും). |
| (ബി) | കാർഷിക മേഖലയിലെ ഉല്പാദന വർദ്ധന വിനും, കാർഷിക അനുബന്ധ മേഖല കളിൽ ചെറുകിട സംരംഭങ്ങൾ ആരംഭിക്കു ന്നതിനും എന്തെല്ലാം പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കാർഷിക മേഖലയിലെ ഉല്പാദന വർദ്ധന വിനും, കാർഷിക അനുബന്ധ മേഖലയിൽ ചെറുകിട സംരംഭ ങ്ങൾ ആരംഭിക്കുന്നതിനുംവേണ്ടി പദ്ധതി തുകയുടെ 10% നീക്കിവച്ചിട്ടുണ്ട്. ഉല്പാദന വർദ്ധനവിനുള്ള ഇടവിളകൃഷി ജലസേചന മാർഗ്ഗങ്ങളായ drip & sprinkler irrigation, കട്ടുംകൃഷി (ഇന്റൻസീവ് ഫാമിംഗ്), ഒരുപൂകൃഷി ചെയ്തിരുന്ന നെൽവയലിൽ ഇരുപൂകൃഷി, മൂന്നാം വിളയായി പച്ചക്കറി കൃഷി, തരിശായിക്കിടന്ന നെൽവയലിൽ നെൽകൃഷി, കൃഷിയിൽ യന്ത്ര വല്ക്കരണം, രോഗങ്ങളുടെയും കീടങ്ങളുടെയും നിന്ത്രണം, ജൈവകൃഷി, ജൈവവളം നിർമ്മാണം തുടങ്ങി അനവധി പ്രവൃത്തികൾ ഉൾപ്പെടുത്തിയിരി ക്കുന്നു. ചെറുകിട സംരംഭങ്ങളായ കാർഷിക വിഭവ ങ്ങളുടെ മാർക്കറ്റിംഗ്, ഭക്ഷ്യ സംസ്കരണം, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം, കാലി വളർത്തൽ, കോഴി വളർത്തൽ, തേനീച്ച വളർത്തൽ, മത്സ്യം വളർത്തൽ മുതലായ പ്രവൃത്തികളും ഉൾപ്പെട്ടു ത്തിയിരിക്കുന്നു. |
| (സി) | പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന യുടെ നീർത്തട ഘടകത്തിൽ ഉൾപ്പെടുത്തി യിട്ടുള്ള പരമ്പരാഗത ജലസ്രോതസ്സു കളുടെ നവീകരണം സംസ്ഥാനത്തെ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പി ക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | പി.എം.കെ.എസ്.വൈ.-ഡബ്ല്യൂ.ഡി.സി-യിൽ ഉൾപ്പെ ടുത്തിയിട്ടുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ നവീകരണം ഇപ്പോൾ പദ്ധതി ഏറ്റെടുത്തിട്ടുള്ള പ്രദേശത്ത് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. പുതിയ പദ്ധതികൾ അനുവദിക്കുന്ന മുറയ്ക്ക് കൂടുതൽ പ്രദേശങ്ങളിലേക്ക് ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കു ന്നതാണ്. |

സെക്ഷൻ ഓഫീസർ